കേരള സർക്കാർ

നം.ജെ2/12/2021/പൊവിവ.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം, തീയതി: 28/12/2021

## സർക്കുലർ

വിഷയം:- പൊവിവ- കോവിഡ് 19 സാഹചര്യത്തിൽ അവധി കഴിഞ്ഞു അധ്യാപകർക്ക് ജോലിയിൽ തിരികെ പ്രവേശിക്കാൻ സാധിക്കാതിരുന്ന കാലയളവ് ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.9.2020 ലെ ഡിജിഇ/8157/2020-എ 5 നമ്പർ കത്ത്.

2. 17/02/2021 ലെ ജെ2/12/2021/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

3. ധനകാര്യ(റൂൾസ്-ബി) വകുപ്പിന്റെ 15/11/2021 ലെ 1778716 /റൂൾസ്/ബി4/149/2021-ധന നം. അനൗദ്യോഗിക കുറിപ്പ്.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2020-21 അദ്ധ്യയന വർഷം റഗുലറായി ആരംഭിക്കാത്തതിനാൽ വിവിധ തരത്തിലുള്ള അവധിയിൽ പ്രവേശിച്ചിരുന്ന അദ്ധ്യാപകരെ യഥാസമയം തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ സൂചന(1) പ്രകാരം പ്രൈമറി, സെക്കന്ററി തലത്തിലുള്ള അദ്ധ്യാപകരിൽ സർക്കാർ/പൊതു വിദ്യാഭ്യാസ ഡയറക്ടർ/സ്ഥാപന മേധാവി എന്നിവർ അനുവദിച്ച അവധി പൂർത്തിയാക്കിയവരെയും അന്യത്രസേവനം കഴിഞ്ഞ് വരുന്നവരെയും സേവനത്തിൽ പ്രവേശിപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശമനുസരിച്ച് 28-09-2020 മുതൽ ഇത്തരം അധ്യാപകർക്ക് സേവനത്തിൽ പ്രവേശിക്കാൻ കഴിഞ്ഞിട്ടുണ്ട്. സൂചന(2) സർക്കാർ കത്ത് പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച അവധി, പഠനാവധി, പ്രസവാവധി, ശൂന്യവേതനാവധി എന്നിവ കഴിഞ്ഞ് 28/09/2020 മുതൽ സേവനത്തിൽ പ്രവേശിച്ച അധ്യാപകർക്ക് 01/06/2020 മുതൽ 27/09/2020 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കാവുന്നതാണെന്ന് നിർദേശം നൽകിയിരുന്നു. കേരള സർവ്വീസ് ചട്ടങ്ങൾ പ്രകാരം വ്യത്യസ്ത അവധികൾ ഉപയോഗപ്പെടുത്തിയ അധ്യാപകർ നിയമനത്തിനായി കാത്തിരുന്ന കാലയളവ് ക്രമീകരിക്കുന്നത്, വകുപ്പിൽ റിപ്പോർട്ട് ചെയ്ത

തീയതി, തസ്തികയിൽ ഒഴിവ് എന്നിവ ഓരോ വ്യക്തിയുടെ കേസിലും വ്യത്യസ്തമായിരിക്കും. അതിനാൽ, 01/06/2020 മുതൽ 27/09/2020 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാവുന്നതാണ് എന്ന് സൂചന (2) പ്രകാരം നൽകിയ നിർദ്ദേശം സൂചന (3)ന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച്, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച അവധി, പഠനാവധി, പ്രസവാവധി, ശൂന്യവേതനാവധി എന്നിവയെത്തുടർന്ന് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാതിരുന്ന കാലയളവ്, ഓരോ കേസിലെയും സാഹചര്യത്തിനനുസൃതമായി ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ക്രമീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു:-

1)കെ.എസ്.ആർ ഭാഗം 1 ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഒരു സർക്കാർ ജീവനക്കാരൻ അവധി, പരിശീലനം, അന്യ സർവ്വീസ് എന്നിവ കഴിഞ്ഞോ മുൻ നിയമന കാലാവധി അവസാനിച്ചതിനെത്തുടർന്നോ നിയമനത്തിനായി വകുപ്പിൽ റിപ്പോർട്ട് ചെയ്ത തീയതിയും ഡ്യൂട്ടിയിൽ ചാർജെടുത്ത തീയതിയും ഇടയ്ക്കുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാവുന്നതാണ്. ഇത്തരത്തിൽ വകുപ്പിൽ റിപ്പോർട്ട് ചെയ്ത തീയതിയും ഡ്യൂട്ടിയിൽ ചാർജെടുത്ത തീയതിയും ഇടയ്ക്കുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് തസ്തികയിൽ ഒഴിവ് അനിവാര്യമാണ്. നിയമനത്തിനായി കാത്തിരുന്ന കാലയളവ് ക്രമീകരിക്കുന്ന അവസരത്തിൽ വകുപ്പിൽ റിപ്പോർട്ട് ചെയ്യാതിരിക്കുകയോ തസ്തികയിൽ ഒഴിവ് ഇല്ലായെങ്കിലോ അർഹതപ്പെട്ട അവധിയായോ ശൂന്യവേതനാവധിയായോ ക്രമീകരിക്കേണ്ടതാണ്.

2)മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച അവധി, പഠനാവധി, പ്രസവാവധി, ശൂന്യവേതനാവധി എന്നിവയെത്തുടർന്ന് നിയമനത്തിനായി കാത്തിരുന്ന കാലയളവ് ക്രമീകരിക്കുന്നത് വ്യത്യസ്ത രീതിയിലാണ്. അനുബന്ധം XII A, B, C പ്രകാരം അനുവദിച്ച അവധി കഴിഞ്ഞ് നിയമനത്തിനായി കാത്തിരിക്കുന്ന കാലയളവിൽ ബന്ധപ്പെട്ട തസ്തികയിൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ നിയമനത്തിനായി കാത്തിരിക്കുന്ന കാലയളവ് സർക്കാർ അനുമതിയോടെ നോൺ ഡ്യൂട്ടിയായി മാത്രമേ ക്രമീകരിക്കാനാവൂ. എന്നാൽ, അന്യത്ര സേവനം, ചട്ടം 88 പ്രകാരമുള്ള ശൂന്യവേതനാവധി, പ്രസവാവധി എന്നിവയ്ക്ക് ശേഷം നിയമനത്തിനായി കാത്തിരുന്ന കാലയളവിൽ തസ്തികയിൽ ഒഴിവില്ലാത്ത പക്ഷം അർഹതപ്പെട്ട അവധിയായോ ശൂന്യവേതനാവധിയായോ ക്രമീകരിക്കേണ്ടതാണ്.

3)വ്യത്യസ്ത അവധികൾ ഉപയോഗപ്പെടുത്തിയ അധ്യാപകർ നിയമനത്തിനായി കാത്തിരുന്ന കാലയളവ് ക്രമീകരിക്കുന്നതും വ്യത്യസ്ത രീതിയിലായിരിക്കും. വകുപ്പിൽ റിപ്പോർട്ട് ചെയ്ത തീയതി, തസ്തികയിൽ ഒഴിവ് എന്നിവ ഓരോ വ്യക്തിയുടെ കേസിലും വ്യത്യസ്തമായിരിക്കും. ആയതിനാൽ വിവിധ അവധികൾക്ക് ശേഷം 28.09.2020 മുതൽ സേവനത്തിൽ പ്രവേശിച്ച അധ്യാപകരുടെ 01.06.2020 മുതൽ 27.09.2020 വരെയുള്ള കാലയളവ് നിരുപാധികം ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് സാധിക്കുകയില്ല. മെഡിക്കൽ സർറ്റിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച അവധി, പഠനാവധി, പ്രസവാവധി, ശൂന്യവേതനാവധി എന്നിവയെത്തുടർന്ന് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാതിരുന്ന കാലയളവ്, സ്കൂൾ തുറക്കാത്തതിനാൽ അവധിയ്ക്ക് ശേഷം ഏതെങ്കിലും മാർഗ്ഗേണ മേലധികാരിയ്ക്ക് റിപ്പോർട്ട് ചെയ്യുകയും തസ്തികയിൽ ഒഴിവ് നിലവിലുണ്ടായിരുന്നതുമായ

സാഹചര്യത്തിൽ മാത്രം ഡ്യൂട്ടിയായും, റിപ്പോർട്ട് ചെയ്യാതിരുന്ന സാഹചര്യത്തിലോ തസ്തികയിൽ ഒഴിവ് ഇല്ലാതിരുന്ന അവസരത്തിലോ (ഇതിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ അഭാവത്തിൽ പോലും) അർഹതപ്പെട്ട അവധിയോ ശൂന്യവേതനാവധിയായോ അല്ലെങ്കിൽ സർക്കാർ അനുമതിയോടെ നോൺ ഡ്യൂട്ടിയായോ ക്രമീകരിക്കാവുന്നതാണ്. നോൺ ഡ്യൂട്ടിയായി ക്രമീകരിക്കേണ്ട കേസുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വ്യക്തമായ ശുപാർശയോടെ സർക്കാരിൽ ലഭ്യമാക്കി അനുമതി വാങ്ങേണ്ടതാണ്.

**എ പി എം മുഹമ്മദ് ഹനീഷ്**
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടിവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ(റൂൾസ്-ബി) വകുപ്പ്(റഫ: 15/11/2021 ലെ 1778716/റൂൾസ്/ബി4/149/2021-ധന നം അനൗദ്യോഗിക കുറിപ്പ്.

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ/പ്രസ്സ് റിലീസ്)വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

കരുതൽ ഫയൽ

പകർപ്പ്

1)ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2)പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ